**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 541** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ആലത്തൂർ -വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഹരി മാഫിയ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. എം. ശശി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സ്കൂളുകളും കോളേജുകളും പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിച്ച സാഹചര്യത്തിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഹരി മാഫിയ പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

**<u>മറുപടി:</u>** പുതിയ അധ്യയന വർഷം ആരംഭിച്ച സാഹചര്യത്തിൽ ആലത്തൂർ നിയോജകമണ്ഡലമുൾപ്പെടെ സംസ്ഥാനത്തൊട്ടാകെയുള്ള സ്കൂളുകൾക്കും കോളേജുകൾക്കും സമീപമുള്ള കടകളിലും പരിസരങ്ങളിലും ലഹരിവസ്തുക്കളുടെ വിൽപന തടയുന്നതിനായി കർശനമായ പരിശോധനകൾ നടത്തിവരുന്നു. മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരിമാഫിയകളുടെ പ്രവർത്തനം നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാൻ പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ രഹസ്യനിരീക്ഷണത്തിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വികരിക്കുന്നതാണ്.

**(ബി)** കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മണ്ഡലത്തിൽ നടത്തിയ റെയ്ഡുകളുടെയും രജിസ്റ്റർ ചെയ്ത അബ്കാരി/എൻ ഡി പി എസ് കേസുകളുടെയും എണ്ണം എത്രയെന്ന് സെക്ഷൻ തിരിച്ച് വിശദമാക്കാമോ;

**<u>മറുപടി:</u>** ആലത്തൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നടത്തിയ റെയ്ഡുകളുടെ എണ്ണം 3650. രജിസ്റ്റർ ചെയ്ത അബ്കാരി/എൻ ഡി പി എസ് കേസുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.

**(സി)** രാത്രി കാലങ്ങളിൽ മണ്ഡലത്തിലെ പ്രധാന റോഡുകളിലൂടെയുള്ള ലഹരി കടത്ത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** ആലത്തൂർ എക്സൈസ് റേഞ്ച്, സർക്കിൾ, സ്പെഷ്യൽ ടാസ്ക് ഫോഴ്സ് ഉദ്യോഗസ്ഥർ ലഹരിക്കടത്ത് തടയുന്നതിനായി രാത്രികാലങ്ങളിൽ പ്രധാന പാതകൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനകളും നൈറ്റ് പട്രോളിംഗും നടത്തിവരുന്നു. കൂടാതെ ഉത്സവ-ആഘോഷ വേളകളിൽ പ്രത്യേക എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുകയും മറ്റ് വകുപ്പുകളുമായി

ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ഇത്തരം നടപടികളിലൂടെ ലഹരിക്കടത്ത് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## അബ്കാരി കേസുകളുടെ വിവരം

| വർഷം | സെക്ഷൻ | കേസുകളുടെ എണ്ണം | ആകെ കേസുകൾ |
|---|---|---|---|
| | | | |
| 2021 | 13 r/w 63 | 182 | 220 |
| | 55(i) | 1 | |
| | 55(g) | 15 | |
| | 8(1) & 8(2), 55(g), 67B | 11 | |
| | 56(b) & 67B | 1 | |
| | 8(1) & 8(2) | 6 | |
| | 58 & 67B | 1 | |
| | 8(1) & 8(2) & 55(g) | 2 | |
| | 55(a), 55(D), 57(a), 67B | 1 | |
| 2022 | 13 r/w 63 | 184 | 199 |
| | 55(i) | 2 | |
| | 55(g) | 2 | |
| | 8(1) & 8(2) | 3 | |
| | 56(b) | 6 | |
| | 58 | 1 | |
| | 55(a) | 1 | |
| 2023 | 13 r/w 63 | 201 | 214 |
| | 55(i) | 6 | |
| | 55(g) | 3 | |
| | 8(1) & 8(2) | 1 | |
| | 56(b) | 3 | |
| 2024 | 13 r/w 63 | 170 | 188 |
| | 55(i) | 6 | |
| | 55(g) | 1 | |
| | 8(1) & 8(2), 55(g) | 2 | |
| | 57(a), 56(b) & 67B | 1 | |

| | | | |
|---|---|---|---|
| | 56(b) | 1 | |
| | 55(i) & 55(a) | 1 | |
| | 15(c) | 6 | |
| 2025 | 13 r/w 63 | 154 | 164 |
| | 55(i) | 2 | |
| | 55(g) | 1 | |
| | 15(c) | 7 | |

**<u>എൻ.ഡി.പി.എസ് കേസുകളുടെ വിവരം</u>**

| വർഷം | സെക്ഷൻ | കേസുകളുടെ എണ്ണം | ആകെ കേസുകൾ |
|---|---|---|---|
| 2021 | 20(b)ii(A) | 17 | 20 |
| | 20(a) | 2 | |
| | 20(b)ii(c) & 29 | 1 | |
| 2022 | 20(b)ii(A) | 8 | 18 |
| | 20(a) | 9 | |
| | 20(a)ii(c), 29, 25, 8(c) | 1 | |
| 2023 | 20(b)ii(A) | 6 | 8 |
| | 20(a) | 2 | |
| 2024 | 20(b)ii(A) | 20 | 23 |
| | 20(b)ii(A), 27(b) | 1 | |
| | 20(a) | 1 | |
| | 20(b)ii(B) | 1 | |
| 2025 | 20(b)ii(A) | 45 | 45 |

**സെക്ഷൻ ഓഫീസർ**